(സി) എല്ലാ പദ്ധതികൾക്കുമുള്ള മോട്ടോറുകളും പമ്പുകളും മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ സർക്കാർ ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി അംഗീകരിച്ച് കഴിഞ്ഞു. ഇലക്ട്രിക്കൽ ജോലികൾ പുരോഗതിയിലാണ്. സിവിൽ ജോലികളുടെ പുരോഗതി അനുബന്ധം-2 ആയി ചേർക്കുന്നു.*

അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി

27 (2125) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഒട്ടുമിക്ക അണക്കെട്ടുകളുടേയും സംഭരണശേഷി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ അറ്റകുറ്റപ്പണികൾ നടത്തി സംഭരണശേഷി വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വദമക്കുമോ ;

(ബി) പാലക്കാട് ജില്ലയിലെ മലമ്പുഴ അണക്കെട്ട് അറ്റകുറ്റപ്പണി നടത്തി, നവീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി എത്ര രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പണി എന്നു തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി പല റിസർവോയറുകളിലേയും ചെളിയും മണലും നീക്കം ചെയ്യുന്നുണ്ട്.

(ബി&സി) മലമ്പുഴ അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മണൽ ഖനനം നടത്തുന്നതിന് KEMDL തിരുവനന്തപുരത്തെ ഏൽപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം മണൽ ഖനനം നടത്തി നീക്കം ചെയ്തിട്ടുണ്ട്. ഈ വർഷം റിസർവ്വയറിൽ ജലം സംഭരിച്ചതിനാലും പ്രദേശവാസികളുടെ യാത്രാസംബന്ധമായ തർക്കം നിലനിൽക്കുന്നതിനാലും മണൽ ഖനനം തുടങ്ങിയിട്ടില്ല.

തൃത്താല കൂട്ടക്കടവ് ചെക്ക് ഡാം നിർമ്മാണം

28 (2126) ശ്രീ. എം. ജെക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ കൂട്ടക്കടവ് ചെക്ക്ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly